(എ) കേരള പ്ലാന്റേഷൻ കോർപ്പറേഷൻ അറ്റകുറ്റപ്പണി നടത്തുന്ന മോട്ടോർ വർക്കുഷോപ്പുകളിൽ സർക്കാർ അംഗീകൃതവർക്കുഷോപ്പുകൾ എത്ര എണ്ണമുണ്ട്. അവ ഏതെല്ലാം;

(ബി) സർക്കാർ അംഗീകൃതമല്ലാത്ത എത്രയെണ്ണമുണ്ട്. അവ ഏതെല്ലാമാണ്;

(സി) ഓരോ വർക്കുഷോപ്പിലും പണിയിച്ച വാഹനം ഏതെല്ലാം;

(ഡി) ഓരോന്നിനും 1.4.1996 മുതൽ 31.3.1999 വരെ റിപ്പയറിംഗ് ഇനത്തിൽ ഓരോയിടത്തും നൽകിയ തുക എത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

157 (1889) പ്ലാന്റേഷൻ കോർപ്പറേഷൻ വാഹനങ്ങൾ നന്നാക്കുന്ന വർക്ക്ഷോപ്പുകൾ

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.4.96 മുതൽ 31..3.99 വരെ കേരള പ്ലാന്റേഷൻ കോർപ്പറേഷൻ വാഹനങ്ങൾ നന്നാക്കുന്നതിനായി എത്ര വർക്കുഷോപ്പുകൾ അംഗീകരിച്ചു; അവ ഏതൊക്കെയാണ്; ഏതൊക്കെ തീയതികളിൽ ഓരോന്നും അംഗീകരിച്ചു.

(ബി) ഏതൊക്കെ വാഹനങ്ങൾ പ്രസ്തുത വർക്ക്ഷോപ്പുകളിൽ പണിയിച്ചു;

(സി) പ്രതിമാസം എത്രരൂപ വീതം അത്തരം ഓരോ വർക്കുഷോപ്പിലും ഓരോ വാഹനത്തിനും ചെലവഴിച്ചു;

(ഡി) ഓരോ വാഹനത്തിനും 1.4.96 മുതൽ 31.3.99 വരെ ചെലവായ തുക എത്ര?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

158 (1890) പ്ലാന്റേഷൻ കോർപ്പറേഷനിലെ വകുപ്പു മേധാവികളുടെ താമസം

ശ്രീ. ഇ.എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്ലാന്റേഷൻ കോർപ്പറേഷനിൽ എത്ര വകുപ്പു മേധാവികൾ ഉണ്ട്; അവർ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ 8 കിലോമീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്നവരാണോ;

(ബി) ആരൊക്കെ 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നുണ്ട്;

(സി) ഈ പരിധിക്കുപുറത്ത് താമസ്സിക്കുന്നവർ ആരൊക്കെ;

(ഡി) പരിധിക്കുപുറത്ത് താമസ്സിക്കുവാൻ കോർപ്പറേഷനോ സർക്കാരോ അവർക്ക് അനുവാദം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly